പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4520 — 04/02/2014 ൽ മറുപടിയ്ക്ക്

## റവന്യൂ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ബെന്നി ബഹനാൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. വി.ഡി. സതീശൻ | | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ റവന്യൂ രേഖകൾ ഡിജിറ്റൈസ് ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ കമ്പ്യൂട്ടറൈസേഷൻ ഓഫ് ലാന്റ് റെക്കോർഡ്സ് എന്ന പദ്ധതി വഴി 2008-2009 സാമ്പത്തിക വർഷം വരെ വില്ലേജുകളിലെ റെക്കോർഡുകൾ കമ്പ്യൂട്ടറൈസ് ചെയ്തു വന്നിരുന്നു. 2008-2009 മുതൽ എൻ.എൽ.ആർ.എം.പി എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രസ്തുത റെക്കോർഡുകളുടെ കമ്പ്യൂട്ടറൈസേഷൻ ഘട്ടംഘട്ടമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 9 ജില്ലകളിലെ റീ-സർവ്വെ പൂർത്തിയാക്കിയ 573 വില്ലേജുകളിൽ രേഖകൾ കമ്പ്യൂട്ടറൈസ് ചെയ്യുകയും ഈ രേഖകളുപയോഗിച്ച് ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുവാനും ഉദ്ദേശിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ പരിധിയിൽ വരുന്ന 17 വില്ലേജുകളിൽ റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (റെലിസ്) എന്ന സോഫ്റ്റ് വെയറിന്റെ സഹായത്താൽ രജിസ്ട്രേഷൻ, റവന്യൂ, ഡിപ്പാർട്ടുമെന്റുകളെ ഇന്റർനെറ്റ് സംവിധാനം വഴി ബന്ധിപ്പിച്ചുകൊണ്ട് 15.09.2011 മുതൽ ഓൺ ലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിമൂലം താഴെ പറയുന്ന ലക്ഷ്യങ്ങളാണ് ഉദ്ദേശിക്കുന്നത്.<br>1. സർക്കാർ ഭൂമിയുടെ അനധികൃത കൈമാറ്റം തടയാൻ സാധിക്കുന്നു.<br>2. എല്ലാ ഭൂമി കൈമാറ്റങ്ങളിലും സുതാര്യത ഉറപ്പുവരുത്തുന്നു. |

3. ഭൂവുടമസ്ഥന് തന്റെ ഭൂമിയിലുള്ള അവകാശം സംബന്ധിച്ച അടിസ്ഥാനരേഖയായ RoR (ഭൂരേഖ) എന്ന സാക്ഷ്യപത്രം നേരിട്ടും അക്ഷയകേന്ദ്രം വഴിയും ലഭ്യമാകുന്നു.
4. ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട അഴിമതി ഒഴിവാക്കാൻ സാധിക്കുന്നു.
5. ഭൂമിയുടെ ന്യായവിലയുമായി ബന്ധപ്പെട്ടതാകയാൽ സർക്കാരിന് കൂടുതൽ വരുമാനം ലഭിക്കുന്നു.
6. സംശയകരമായ ഭൂ കൈമാറ്റങ്ങൾക്ക് തടയിടുന്നതിന് സാധിക്കുന്നു.
7. ഭൂ പരിഷ്കരണ നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സാധിക്കുന്നു.
8. കൃത്യതയോടെയും വേഗത്തിലുമുള്ള പോക്കുവരവ് "ആദ്യം വന്നയാൾ ആദ്യം" [First In First Out (FIFO)] എന്ന തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ പ്രാവർത്തികമാക്കുന്നു.
9. പൊതുജന സേവനങ്ങൾ ഉറപ്പുവരുത്തുന്നതിൽ റെലിസ് പദ്ധതി ഒരു വലിയ ചുവടുവയ്പാണ്.
10. ലോകത്തിലെവിടെയിരുന്നും ഈ പദ്ധതി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും സമീപ ഭാവിയിൽത്തന്നെ സാധിക്കും.
11. റവന്യൂ വകുപ്പിൽ നിന്നുള്ള RoR (ഭൂരേഖ) എന്ന സാക്ഷ്യപത്രം ആധാര പ്രകാരമുള്ള ഭൂമി കൈമാറ്റങ്ങൾക്ക് നിർബന്ധമാക്കുന്നതിന്റെ ഫലമായി ഭൂമി സംബന്ധമായ സിവിൽ കേസുകളുടേയും അതുമായി ബന്ധപ്പെട്ട മറ്റു കുറ്റകൃത്യങ്ങളുടേയും എണ്ണത്തിൽ സമീപഭാവിയിൽത്തന്നെ ഗണ്യമായ കുറവുണ്ടാകുന്നതാണ്.

(സി) എന്തെല്ലാം സൗകര്യങ്ങളാണ് (സി) ഇതുമൂലം ജനങ്ങൾക്ക് ലഭ്യമാകുന്നത്; വിശദമാക്കുമോ;

1. RoR (ഭൂരേഖ) എന്ന സാക്ഷ്യപത്രം എപ്പോൾ വേണമെങ്കിലും എവിടെ നിന്നു വേണമെങ്കിലും ലഭ്യമാക്കുന്ന സംവിധാനം സാധ്യമാകുന്നു.
2. കമ്പ്യൂട്ടർ വൽകൃത നാളതീകരണത്തിലൂടെ ഓൺലൈൻ സംവിധാനം ഉപയോഗപ്പെടുത്തി ഓട്ടോമാറ്റിക് പോക്കുവരവ് സാധ്യമാക്കുന്നു.

നിലവിലെ സംവിധാനം അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും, നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ജനങ്ങൾക്ക് പരിഹരിച്ചുകിട്ടുകയും, വില്ലേജ്

റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യുന്നു. മാത്രമല്ല, സർക്കാർ ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുകയോ, പോക്കുവരവുകളും, രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ നിന്നോ, നിരീക്ഷണത്തിൽ നിന്നോ മാറിപ്പോകുന്നതുമില്ല. ഇന്ത്യയിൽ ആദ്യമായി നടപ്പാക്കുന്ന ഈ സംവിധാനത്തിലൂടെ ഭൂമി കൈമാറ്റം നടത്തുന്ന വ്യക്തിക്കും, ലഭിക്കുന്ന വ്യക്തിയ്ക്കും ഓൺ ലൈൻ സംവിധാനത്തിലൂടെ തങ്ങളുടെ ഭൂമിയിൽ വന്ന മാറ്റങ്ങളുടെ വിവരം അറിയുന്നതിനും, ഭൂനികുതി അടയ്ക്കുന്നതിനു മുളള സംവിധാനം ഈ പ്രോഗ്രാമിലൂടെ വിഭാവനം ചെയ്യുന്നു. ഈ സംവിധാനം പൊതുജനങ്ങൾക്കും, ഉദ്യോഗസ്ഥർക്കും ഒരുപോലെ പ്രയോജന പ്രദമാകും.

ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ പരിധിയിൽ വരുന്ന 17 വില്ലേജുകളിലെ വില്ലേജ് ഓഫീസർമാർക്കും , എസ്.വി.ഒ. മാർക്കും, ബന്ധപ്പെട്ട തഹസിൽദാർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ 573 വില്ലേജുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ പോക്കുവരവ് ചട്ടങ്ങളിൽ കാലാനുസൃതമാറ്റം ഉൾക്കൊളളിച്ചുകൊണ്ട് G.O.(M.S) No - 333/2011/RD തീയതി. 14.09.2011 എന്ന നിയമ ഭേദഗതിയും, കൂടാതെ ഈ പദ്ധതി എപ്രകാരം നടപ്പിലാക്കണം എന്നത് സംബന്ധിച്ച് G.O.(Rt) No - 2214/2012/RD തീയതി. 13.04.2012 എന്ന സർക്കാർ ഉത്തരവും ഇതിനോടകം പുറപ്പെടുവിച്ചിട്ടുളളതാണ്.

Sd/-

സെക്ഷൻ ഓഫീസർ